**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

**<u>വിജ്ഞാപനം</u>**

**<u>കീം-2025</u>**

**<u>എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള മൂന്നാംഘട്ടം, ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ടം- താത്ക്കാലിക കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.</u>**

2025-ലെ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള മൂന്നാംഘട്ടം, ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട താത്ക്കാലിക കേന്ദ്രീകൃത അലോട്ട്മെന്റ് ലിസ്റ്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഈ അലോട്ട്മെന്റ് എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഈ വർഷം നടത്തുന്ന അവസാന ഘട്ട അലോട്ട്മെന്റായിരിക്കും.വിദ്യാർ ത്ഥികൾ ക്ക് **'KEAM 2025-Candidate Portal'** ലെ **'Provisional Allotment List'** എന്ന മെനു ക്ലിക്ക് ചെയ്ത് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് കാണാവുന്നതാണ്.

എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റിനെ തുടർന്ന് ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിനും, ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും വിദ്യാർത്ഥികൾക്ക് അവസരം നൽകിയിരുന്നു. നിശ്ചിത സമയത്തിനുള്ളിൽ നടപടികൾ പൂർത്തിയാക്കിയവരുടെ ഓപ്ഷനുകൾ പരിഗണിച്ചാണ് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് സംബന്ധിച്ച സാധുവായ പരാതികളുണ്ടെങ്കിൽ **engg.ceekerala@.gmail.com** എന്ന ഇമെയിലേയ്ക്ക് **'Engineering Provisional Allotment'** എന്ന വിഷയം പരാമർശിച്ചും ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് സംബന്ധിച്ച് സാധുവായ പരാതികളുണ്ടെങ്കിൽ **barch.ceekerala@gmail.com** എന്ന ഇമെയിലേയ്ക്ക് **'Architecture Provisional Allotment'** എന്ന വിഷയം പരാമർശിച്ചും **09.08.2025 ഉച്ചയ്ക്ക് 12.00 മണിക്കുള്ളിൽ** അറിയിക്കേണ്ടതാണ്. അന്തിമ അലോട്ട്മെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

Signed by
Arun S Nair
Date: 08-08-2025 17:16:01

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

08-08-2025